പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4613          23 .07. 2015 ൽ മറുപടിക്ക്

ഊർജ്ജ സംരക്ഷണത്തിന് എസ്കോ ടിം

ചോദ്യം          ഉത്തരം

ശ്രീ. സണ്ണി ജോസഫ്
,, എം.എ. വാഹിദ്
,, അൻവർ സാദത്ത്
,, ഡൊമനിക് പ്രസന്റേഷൻ

ശ്രീ ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാൻ എസ്കോ ടീമിന് രൂപം നൽകിയിട്ടുണ്ടോ; | (എ) (ബി) & (സി) | കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എനർജി സേവിംഗ്സ് കോ-ഓഡിനേഷൻ ടീം (എസ്കോട്ട്) എന്ന ഒരു വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലയിലുള്ള ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജ സംരക്ഷണം പ്രവർത്തികമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇത് നടപ്പാക്കുന്നതിനായി പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, ലഘു ലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക, മാധ്യമങ്ങളിൽ കൂടിയുള്ള ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ മുതലായവ നടത്തുക, ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക, ഐസ് പ്ലാന്റുകളിൽ ഊർജ്ജ സംരക്ഷണം നടത്തുന്നതിന് സാങ്കേതിക ഉപദേശങ്ങൾ നൽകുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. കാർഷിക മേഖലയിലെ പമ്പിംഗ് സംവിധാനത്തിലെ ഊർജ്ജ സംരക്ഷണം, വിതരണ ലൈനുകളിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ മുതലായവയും എസ്കോട്ടിന്റെ പ്രവർത്തനങ്ങളിൽ പെടുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; | | |
| (സി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ